Keralakaumudi-25-02-2018-P10

## 'സ്പൈസസ് സിസ്റ്റേഴ്സ്' പദ്ധതി റെഡി

# കുരുമുളക് കൊടുത്താൽ കാശ്മീരി കുങ്കുമപ്പൂ കിട്ടും

KAUMUDI SPECIAL

▶ മഞ്ജു എം. ജോയ്

തിരുവനന്തപുരം: കേരളത്തിന്റെ കുരുമുളകും ഏലയ്ക്കയും കാശ്മീരിലേക്ക്. അവിടുന്ന് ഒറിജിനൽ കുങ്കുമപ്പൂവും കാശ്മീരി ചില്ലിയും ഇങ്ങോട്ട്.

നമ്മുടെ സ്വന്തം സുഗന്ധവ്യഞ്ജനങ്ങൾക്ക് മറ്റു സംസ്ഥാനങ്ങളിലും അവിടെയുള്ളതിന് ഇവിടെയും വിപണി ഒരുക്കുന്ന കൃഷിവകുപ്പിന്റെ 'സ്പൈസസ് സിസ്റ്റേഴ്സ്' പദ്ധതിയാണിത്. ഗുണമേന്മയുള്ള ഉത്പന്നങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാകുമെന്നതാണ് പ്രയോജനം. കൃഷിവകുപ്പിന്റെ അഗ്രോ ബസാറുകൾ വഴിയാണ് വില്പന.



### സ്പൈസസ് സിസ്റ്റേഴ്സ്

- മറ്റ് സംസ്ഥാനങ്ങളിലെ പൊതുമേഖലാ സ്ഥാപനങ്ങളുമായി വ്യാപാരബന്ധം ഉറപ്പിച്ച് സുഗന്ധവ്യഞ്ജനങ്ങൾക്ക് അവിടെ വിപണി കണ്ടെത്തും
- ഇടുക്കി, വയനാട് ജില്ലകളെ കാശ്മീർ, സിക്കിം, ആന്ധ്ര, കർണാടകം എന്നിവിടങ്ങളിലെ സുഗന്ധ വിളകൾ ഉത്പാദിപ്പിക്കുന്ന ജില്ലകളുമായി ബന്ധിപ്പിക്കും
- സ്പൈസസ് സിസ്റ്റേഴ്സ് കൂട്ടായ്മയിൽ അംഗങ്ങളാകുന്ന സംസ്ഥാനങ്ങളിലെ കൃഷിവകുപ്പിന്റെ ഔട്ട്ലെറ്റുകൾ വഴി ഉത്പന്നങ്ങൾ വിൽക്കും

ജമ്മുകാശ്മീർ, സിക്കിം, ആന്ധ്ര, കർണാടകം എന്നീ സംസ്ഥാനങ്ങളാണ് ആദ്യ ഘട്ടത്തിൽ കേരളവുമായി സാഹോദര്യ ബന്ധത്തിനൊരുങ്ങിയിരിക്കുന്നത്.

ജമ്മു കാശ്മീർ കൃഷിമന്ത്രി അടുത്തിടെ ഇടുക്കി, വയനാട് ജില്ലകളിലെ സുഗന്ധവ്യഞ്ജന തോട്ടങ്ങൾ സന്ദർശിച്ച് ഗുണമേന്മ വിലയിരുത്തിയിരുന്നു. നല്ലയിനം കുരുമുളക് കാശ്മീരിൽ എത്തിച്ചാൽ ഒന്നാന്തരം കുങ്കുമപ്പൂവ് കുറഞ്ഞ വിലയ്ക്ക് ഇങ്ങോട്ടെത്തിക്കാമെന്ന് അദ്ദേഹം ഉറപ്പു നൽകി. തുടർന്ന് ചർച്ച നടത്തി കരാറും ഒപ്പിട്ടു.

ആന്ധ്രപ്രദേശുമായും കരാറായി. മറ്റ് സംസ്ഥാനങ്ങളുമായി ചർച്ച പുരോഗമിക്കുന്നു. മഞ്ഞൾ, ചുവന്ന മുളക്, ജീരകം എന്നിവയാണ് ആന്ധ്രയിൽ നിന്നുള്ള പ്രധാന സുഗന്ധവിളകൾ. വലിയ ഏലയ്ക്കാ, ഇഞ്ചി എന്നിവയാണ് സിക്കിമിൽ നിന്ന് കിട്ടുന്നത്.

തേങ്ങയുടെ മൂല്യവർദ്ധിത ഉത്പന്നങ്ങളും നമ്മൾ സുഹൃദ് സംസ്ഥാനങ്ങൾക്ക് നൽകും.